# Malayala Manorama

## 19 August 2018

## Kozhikode, Special Adalat, Lost Documents



# രേഖകൾ നഷ്ടമായവർക്ക് പ്രത്യേക അദാലത്ത്

**കോഴിക്കോട്** • പ്രളയത്തിൽ അവശ്യരേഖകൾ നഷ്ടമായവർക്കു വേണ്ടി പ്രത്യേക അദാലത്ത് നടത്തുമെന്ന് മന്ത്രി എ.കെ. ശശീന്ദ്രൻ.

വീടിന്റെയും സ്ഥലത്തിന്റെയും വാഹനങ്ങളുടെയും രേഖകൾ, ഡ്രൈവിങ് ലൈസൻസ് എന്നിവയെല്ലാം ഇത്തരം അദാലത്തിലൂടെ ലഭ്യമാക്കാം. മുടങ്ങിയ കെഎസ്ആർടിസി സർവീസുകൾ രണ്ടു ദിവസത്തിനകം പൂർണമായി പുനരാരംഭിക്കാനാകുമെന്നാണ് പ്രതീക്ഷയെന്നും മന്ത്രി പറഞ്ഞു.